**ഏലിയാ - സ്ലീവാക്കാലം രണ്ടാം ഞായർ**

**മത്താ 13:1-9, 18-23**

## നിലമൊരുക്കുന്നവരാകാം

**റവ.ഫാ. കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ**

"മറ്റു ചിലത് നല്ല നിലത്തുവീണു. നൂറും അറുപതും മുപ്പതും മേനി വിളവുണ്ടായി. കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ." ദൈവരാജ്യത്തെക്കുറിച്ചുള്ളതും ദൈവത്തെക്കുറിച്ചുള്ള അറിവ് കൈകാര്യം ചെയ്യുന്നതുമായ ഒരു പഠനശാഖയായി ദൈവശാസ്ത്രം ഇന്ന് ഉപയോഗിക്കപ്പെടുന്നു. ദൈവം ആരെന്നും ദൈവരാജ്യം എന്തെന്നും വിശകലനങ്ങളിലൂടെയും തത്വങ്ങളിലൂടെയും ഗണിതങ്ങളിലൂടെയും അനുഭവങ്ങളിലൂടെയും ശാസ്ത്രീയമായി തെളിയിച്ചെടുക്കുന്ന ഒന്നായി ദൈവശാസ്ത്രത്തെ മനസ്സിലാക്കുന്നവരുണ്ട്. എന്നാൽ ദൈവത്തെക്കുറിച്ചുള്ള അറിവ് ദൈവം തന്നെ നമുക്ക് തുറന്നു തരുന്നതാണെന്നും അതിലൂടെ മനുഷ്യജീവിതത്തിൽ സാധാരണമായി സംഭവിക്കുന്ന അനുഭവങ്ങളിലും മനുഷ്യഇടപെടലുകളിലും തെളിഞ്ഞു വരുന്ന ഒന്നാണ് ദൈവരാജ്യമെന്നും ഇന്നത്തെ വേദഭാഗം നമ്മെ പഠിപ്പിക്കുന്നു. ഇവിടെ ദൈവശാസ്ത്രജ്ഞരും സാധാരണ വിശ്വാസികളും എന്ന തരംതിരിവില്ല. മറിച്ച് ദൈവത്തെക്കുറിച്ചുള്ള അറിവ് വിശ്വാസത്തെ ബലപ്പെടുത്തുന്നതും ആ വിശ്വാസം ദൈവഹിതം നിറവേറ്റാൻ നമ്മെ പ്രേരിപ്പിക്കുന്നുതമായി മാറുകയാണ് ചെയ്യുക. വിത്തിന്റെയും വിതയുടെയും വിളവിന്റെയും ഉപമയിലൂടെ ദൈവരാജ്യമൂല്യങ്ങളും ദൈവരാജ്യസംവേദനത്തിലെ ചില പ്രായോഗിക പ്രശ്നങ്ങളും കർത്താവ് നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നുണ്ട്.

**നിലമൊരുക്കുന്ന കർഷകൻ**

യേശുവിന്റെ ഉപമകൾ ദൈരാജ്യത്തെക്കുറിച്ചും ദൈവത്തിന്റെ ഇടപെടലുകളെക്കുറിച്ചും വ്യക്തമാക്കുന്നതാണ്. ഒരുവൻ വിതക്കാൻ പോകുന്നതിനുമുമ്പ് അവൻ സ്വയം രൂപപ്പെടേണ്ടതായിട്ടുണ്ട്. കണക്കുകൂട്ടലുകൾ നിയോഗങ്ങളായിത്തീരണം. എങ്കിൽ മാത്രമേ അധ്വാനത്തിന്റെ പൂർണത ലഭിക്കുകയുള്ളൂ. ദൈവവചനമെന്ന വിത്ത് വിതക്കുന്നതിനുമുമ്പ് ഹൃദയമാകുന്ന നിലമൊരുക്കണം. നിലമൊരുക്കുന്നവൻ വിതക്കുന്നവനെപ്പോലെ പ്രധാനിയാണ്. പാറ പോലെ കഠിനമായ ഹൃദയങ്ങളെ ക്രിസ്തുസ്നേഹത്താൽ ഒരുക്കിയെടുക്കണം. ഹൃദയത്തിലെ പാറയും മുള്ളുമൊക്കെ മാറ്റിക്കളഞ്ഞെങ്കിൽ മാത്രമേ ഇതുകൊണ്ട് പ്രയോജനമുള്ളൂ. ഇന്ന് വിതക്കാരനെക്കൊണ്ട് സഭ നിറഞ്ഞിരിക്കുകയാണ്. എന്നാൽ നിലമൊരുക്കുന്നവർ വളരെ ചുരുക്കമാണ്.

വിശക്കുന്നവന്റെ മുമ്പിൽ അപ്പമാകുക എന്നതാണ് കർത്താവ് പഠിപ്പിച്ച സുവിശേഷം. പ്രാർത്ഥന, പങ്കിടൽ, ഗുണദോഷം, മാനസികസമ്മർദ്ദം ലഘൂകരിക്കാനുള്ള മാർഗങ്ങൾ തുടങ്ങി നിലമൊരുക്കുന്ന പ്രക്രിയ ശക്തമാക്കണം. നിലമൊരുക്കുന്നവർ മുഖ്യധാരയിൽ വരണം. അപ്പോൾ നല്ല വിത്ത് വിതക്കാൻ സാധിക്കും. അപ്പോഴാണ് നൂറും അറുപതും മുപ്പതും മേനി വിളയുന്നത്. എന്നാൽ ചുറ്റുപാടുകളിലെ മനുഷ്യപ്രയാസങ്ങളിലും അധ്വാനങ്ങളിലും കൃഷിയിടങ്ങളിലെ ജീവിതപഠനങ്ങളിലും പാടത്ത് പണിയെടുക്കുന്നവരുടെ വിയർപ്പിലും കണ്ണുനീരിലും അവരുടെ പ്രതീക്ഷകളിലും ഉയിരെടുക്കാത്ത ദൈശാസ്ത്രജ്ഞങ്ങൾ സാമാന്യജനങ്ങളെ സംബന്ധിച്ചിടത്തോളം അവരെ അപരരാക്കുന്ന ദൈവശാസ്ത്രം തന്നെയായിരിക്കും. അത് പാറപ്പുറത്തും മുള്ളുകൾക്കിടയിലും ചിലപ്പോൾ അധികം മണ്ണില്ലാത്തിടത്ത് വീണ വിത്തിനു തുല്യമാണ്. അവ ഉണങ്ങി പോകും.

**കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ**

തമ്പുരാൻ അവരോട് സംസാരിച്ചത് അവർക്ക് മനസ്സിലാവുന്ന അവരുടെ ഭാഷയിലാണ്. ദൈവത്തിന്റെ ഭാഷ വേർതിരിവുകൾ ഭേദിക്കുന്നതും എല്ലാവർക്കും മനസ്സിലാക്കാൻ പറ്റുന്നതുമായ ഭാഷയാണ്. ക്രിസ്തു ദൈവത്തിന്റെ മനുഷ്യഭാഷയാണ്. ആദ്യനൂറ്റാണ്ടിൽ റൂഹാ (ആത്മാവ്) വന്നപ്പോൾ ലഭിച്ച ഭാഷ അവിടെ കൂടിനിന്ന വിവിധതരം ആളുകൾക്ക് അവരുടെ ഭാഷയിൽ

മനസ്സിലാക്കാൻ പോന്നതായിരുന്നു. യേശുവിന്റെ ദൈവശാസ്ത്ര ഉപമകൾ താൻ ആരോട് സംസാരിക്കുന്നുവോ, അവരുടെ ജീവിതഗന്ധിയായ അനുഭവങ്ങളോടും ഭാഷയോടും ചേർന്നുനിൽക്കുന്നതും അവരുടെ സാംസ്കാരികധാരയോട് സംവദിക്കുന്നതുമായ ഒന്നായിരുന്നു.

നിലം ഒരുക്കുകയും നല്ല വിത്ത് വിതയ്ക്കുകയും ചെയ്താലും ചിലപ്പോൾ ഫലം കായ്ച്ചു എന്നുവരില്ല. വിതക്കുന്ന വചനം ശ്രദ്ധാപൂർവം കേൾക്കണം. പറയുന്നതിന് താമസവും കേൾക്കുന്നതിന് വേഗതയും ഉണ്ടായിരിക്കണം. കേൾക്കുക എന്നത് ക്ലേശകരമായ ഒരു പ്രവൃത്തിയാണ്. ഭാഗികമായി കേൾക്കുന്നതും പറയുന്നത് പലതും കേൾക്കാതെ പോകുന്നവരും പറയാത്ത പലതിനെയും കേൾക്കുന്നവരുമുണ്ട്. വചനം വിതക്കുന്നവരെക്കാൾ ഉത്തരവാദിത്വം വചനം കേൾക്കുന്നവർക്കാണ്. ശരിയായി കേൾക്കാനും കേൾക്കുന്നത് ശരിയായി അനുസരിക്കാനും അനുസരിച്ച് കൂടുതൽ ഫലം പുറപ്പെടുവിക്കാനും ദൈവകൃപ ആവശ്യമാണ്.

യേശു തമ്പുരാൻ അവരോടു പറഞ്ഞ വചനങ്ങൾ എങ്ങനെയാണ് പ്രതിഫലിപ്പിക്കേണ്ടതെന്ന് ഇവിടെ വ്യക്തമാണ്. നൂറും അറുപതും മുപ്പതും മേനി വിളവ് പ്രതീക്ഷിക്കുന്ന പാടശേഖരമാണ് ദൈവരാജ്യം. ചെവിയുള്ളവൻ കേൾക്കട്ടെയെന്നത് ആലസ്യത്തിന്റെ ഭാഷയല്ല; മറിച്ച് എല്ലാവരും കേൾക്കുകയും അതു പ്രായോഗികതയിലേക്ക് കൊണ്ടുവരികയും വേണം എന്ന നിഷ്കർഷതെയെയാണ് ഇവിടെ വെളിവാക്കുന്നത്. വചനം ശരിയായ രീതിയിൽ കേൾക്കാൻ കർത്താവ് നമ്മുടെ കാതുകൾ തുറക്കട്ടെ. അങ്ങനെ ധാരാളം ഫലങ്ങൾ കായ്ക്കട്ടെ.

പ്രാന്തഃസ്ഥിതമായതിനെ ഈ ഉപമയിലൂടെ കർത്താവ് ശ്രദ്ധാകേന്ദ്രമാക്കുന്നു. മനുഷ്യവർഗത്തിന്റെ നിലനില്പിനുവേണ്ടി ദൈവം കല്പിച്ചാക്കിയ കൃഷിയെ മതത്തിന്റെയും ജീവിതത്തിന്റെയും അതിരുകളിലേക്ക് തള്ളിക്കളയാതെ അതിലെ മതാത്മകത കണ്ടെത്തണമെന്ന് യേശു പഠിപ്പിക്കുന്നു. കൃഷിയിലെ ആത്മീയത എന്തെന്നുള്ള ഒരു അന്വേഷണം ഇന്ന് ആവശ്യമാണ്. പള്ളിയിൽ വിശുദ്ധ ബലി അർപ്പിക്കുന്നതും ഭൂമിയിൽ കൃഷി ചെയ്യുന്നതും രണ്ടും ആത്മീയതയല്ലേയെന്ന ഗൗരവമായ ചോദ്യം നാം ചോദിച്ചു തുടങ്ങേണ്ടിയിരിക്കുന്നു. കൃഷിയെയും കർഷകരെയും യേശു തമ്പുരാൻ ദൈവരാജ്യത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയാണ് ചെയ്തത്.